Lalith Babu, Palakkad

# കേന്ദ്ര വിവരാവകാശ കമ്മിഷൻ എടുക്കുന്ന തീരുമാനങ്ങൾ സംസ്ഥാന വിവരാവകാശ കമ്മിഷന് ബാധകമല്ലെന്ന് കേരള സംസ്ഥാന വിവരാവകാശ കമ്മിഷൻ

വിവരാവകാശ നിയമം 8 (1) (ജെ) വകുപ്പ് പ്രകാരം ഒഴിവാക്കപ്പെട്ടിരിക്കുന്നത് വ്യക്തികളുടെ സ്വകാര്യ വിവരങ്ങളാണ്. ഈ സ്വകാര്യ വിവരം വെളിപ്പെടുത്തുന്നതിൽ പൊതു താൽപര്യമില്ലെങ്കിലോ വെളിപ്പെടുത്തിയാൽ വ്യക്തിയുടെ സ്വകാര്യതയിലേക്കുള്ള അനാവശ്യമായ കടന്നു കയറ്റമാകുമെങ്കിലോ മാത്രമേ വിവരാവകാശ നിയമം 8(1) (ജെ) വകുപ്പ് പ്രകാരം നിരസിക്കുവാൻ സാധിക്കുകയുള്ളൂ. ഒരു വ്യക്തിയെ സംബന്ധിക്കുന്ന വിവരങ്ങൾ അയാളോട് തന്നെ വെളിപ്പെടുത്തുന്നത് ആ വ്യക്തിയുടെ സ്വകാര്യതയിലേക്കുള്ള കടന്നുകയറ്റം ആകുകയില്ലെന്ന് കമ്മിഷൻ നിരീക്ഷിച്ചു. അതു കൊണ്ടുതന്നെ 8(1)(ജെ) വകുപ്പ് പ്രകാരം അപേക്ഷകന്റേതല്ലാത്ത വിവരങ്ങൾ മാത്രമേ നിരസിക്കുവാൻ സാധിക്കുകയുള്ളൂ. **കേന്ദ്ര വിവരാവകാശ കമ്മിഷൻ എടുക്കുന്ന തീരുമാനങ്ങൾ സംസ്ഥാന വിവരാവകാശ കമ്മിഷന് ബാധകമല്ലെന്ന് കമ്മിഷൻ നിരീക്ഷിച്ചു**. കേന്ദ്ര ഗവൺമെന്റിന്റെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള സ്ഥാപനങ്ങൾ കേന്ദ്ര വിവരാവകാശ കമ്മിഷന്റെ പരിധിയിലും സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള സ്ഥാപനങ്ങൾ സംസ്ഥാന വിവരാവകാശ കമ്മിഷന്റെപരിധിയിലുമാണ് വരിക. **ഒരു കമ്മിഷൻ എടുക്കുന്ന തീരുമാനങ്ങൾ മറ്റ് കമ്മിഷനുകൾക്ക് മാർഗ്ഗദർശിയാകാം എന്നതിലുപരി ബാധകമാക്കുവാൻ സാധിക്കുകയില്ലെന്ന് കമ്മിഷൻ നിരീക്ഷിച്ചു**.

6. മേൽപ്പറഞ്ഞ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ കമ്മിഷൻ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.